സി1–128348/2020/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
2–ാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം – 14
ഇ–മെയിൽ tcoffice.mvd@kerala.gov.in
ടെലഫോൺ – 0471 2333317/37
തീയതി: 18.08.2020

പ്രേഷകൻ
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം: മോ.വാ.വ. – BS IV വാഹനങ്ങളുടെ രജിസ്ട്രേഷൻ – സ്പഷ്ടീകരണം – സംബന്ധിച്ച്.

സൂചന: ബഹു. സുപ്രീം കോടതിയുടെ 13.08.2020 –ലെ WP(C) No. 13029/1985 വിധി ന്യായം

****

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ലോക് ഡൗൺ മൂലം 31.03.2020–ന് മുമ്പ് ടെമ്പററി രജിസ്ട്രേഷൻ നേടുകയും എന്നാൽ പെർമെനന്റ് രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കാത്തതുമായ BS IV വാഹനങ്ങൾക്ക് ഇപ്പോൾ രജിസ്ട്രേഷൻ നടത്താൻ അർഹതയുള്ളതായി 13.08.2020–ലെ WP(C) No. 13029/1985 നമ്പർ ഉത്തരവ് പ്രകാരം ബഹു. സുപ്രീം കോടതി ഉത്തരവായിരിക്കുന്നു. രജിസ്ട്രേഷനായി വരുന്ന വാഹനങ്ങളുടെ ടെമ്പററി രജിസ്ട്രേഷൻ അല്ലാതെ മറ്റൊരു കാരണവും സ്ഥിരം രജിസ്ട്രേഷനായി പരിഗണിക്കേണ്ടതില്ല. സൂചനയിലെ വിധിന്യായാത്തിൽ നിന്നും വ്യതിചലിച്ച് മറ്റേതെങ്കിലും കാരണത്താൽ രജിസ്ട്രേഷൻ നടത്തിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം രജിസ്റ്ററിംഗ് അതോറിട്ടി/ അഡീഷണൽ രജിസ്റ്ററിംഗ് അതോറിട്ടിക്കായിരിക്കുന്നതാണ്. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള കാലദൈർഘ്യം മേൽ വിധി ന്യായത്തിൽ സൂചിപ്പിച്ചിട്ടില്ല.

മേൽ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

എം. പി. അജിത്കുമാർ
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി.